പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം നമ്പർ : 06

09.03.2015-ൽ മറുപടിക്ക്.

## ജനമൈത്രി പോലീസ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ. സണ്ണി ജോസഫ് | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ജനമൈത്രി പോലീസ് പദ്ധതി സംബന്ധിച്ച പരാതികൾ പരിഹരിച്ച് കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ; | : (എ) ജനമൈത്രീ പോലീസ് പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എല്ലാ ജനമൈത്രീ പോലീസ് സ്റ്റേഷനുകളുടേയും CRO (Community Relations Officer) യേയും സമിതി അംഗങ്ങളേയും ഉൾപ്പെടുത്തി മാസാവസാനം അവലോകന യോഗങ്ങൾ നടത്തിയും അവരുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയും ഓരോ ബീറ്റ് ഓഫീസർമാരും അവരവരുടെ പ്രവർത്തനമേഖലകളിൽപ്പെട്ട വീടുകൾ സന്ദർശിച്ച് ബീറ്റ് മീറ്റിംഗുകൾ നടത്തിയും ആ ഭാഗങ്ങളിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾക്ക് Station House Officer മാരുമായി കൂടിയാലോചിച്ച് പരിഹരിക്കുവാൻവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ബീറ്റ് ഓഫീസർമാർ, അസിസ്റ്റന്റ് ബീറ്റ് ഓഫീസർമാർ, ജനമൈത്രീ സമിതി അംഗങ്ങൾ, ട്രൈബൽ വാളന്റിയർ അംഗങ്ങൾ, ബീറ്റ് ഓഫീസർമാർ അല്ലാത്ത പോലീസ് ഉദ്യോഗസ്ഥർ എന്നിവർക്ക് ജനമൈത്രി സംവിധാനം കാര്യക്ഷമമായി നടപ്പിൽ വരുത്തുന്നതിനുള്ള പരിശീലനം, പി.റ്റി.സി, കെപ്പ, ജില്ലാ പോലീസ് ആസ്ഥാനം, സർക്കിൾ ഇൻസ്പെക്ടർ ആസ്ഥാനം എന്നീ തലങ്ങളിൽ നിന്നും നിരന്തരം പരിശീലനം നൽകി വരുന്നു. ജില്ലാതല മോണിറ്ററിംഗ് നടത്തി MLA, CRO's, ബീറ്റ് ഓഫീസേഴ്സ്, അസിസ്റ്റന്റ് ബീറ്റ് ഓഫീസർമാർ, ജാഗ്രതാ സമിതി അംഗങ്ങൾ, സോഷ്യൽ സർവ്വീസ് അംഗങ്ങൾ, പൊതുജനങ്ങൾ എന്നിവരെ ഉൾപ്പെടുത്തി ജനമൈത്രി പദ്ധതിയെ കുറിച്ച് പരാതികളുണ്ടെങ്കിൽ അത് സ്വീകരിച്ച് പരിഹരിച്ചുവരുന്നു. |

(ബി പ്രസ്തുത പദ്ധതി സംബന്ധിച്ച് പഠനം നടത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത് ആരെയാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പഠന റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

: (ബിയും, സിയും) ജനമൈത്രി പോലീസ് പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തുന്നതിനും, പഠനം നടത്തുന്നതിനും, ഉദ്യോഗസ്ഥർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനുമായി പോലീസ് അഡീഷണൽ ഡയറക്ടർ ജനറൽ ഡോ. ബി.സന്ധ്യ ഐ.പി.എസിനെ സംസ്ഥാന നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. കൂടാതെ **Influence of Janamaithri Suraksha Project on the Communities** എന്ന വിഷയത്തിൽ രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, കൊച്ചിയും, **An Evaluation of the Community Policing Programme in Kerala** എന്ന വിഷയത്തിൽ ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസ് എന്ന സ്ഥാപനവും പഠനം നടത്തിയിട്ടുണ്ട്. ഈ റിപ്പോർട്ടുകൾ www.keralapolice.org എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ ജനമൈത്രീ സുരക്ഷാ പദ്ധതിയെ കുറിച്ച് പഠനം നടത്തുന്നതിനുവേണ്ടി M/s **KPMG/Advisory Services Private Limited** എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പഠന റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടില്ല. 2015 മാർച്ച് മാസത്തോടുകൂടി പ്രസ്തുത റിപ്പോർട്ട് പ്രസിദ്ധീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സ്വീകരിക്കാനുദ്ദേശിക്കുന്ന തുടർ നടപടി എന്തെല്ലാമെന്നു വിശദീകരിക്കുമോ?

: (ഡി) പഠന റിപ്പോർട്ടിൽ ചൂണ്ടികാണിച്ചിട്ടുള്ള ശുപാർശകൾക്കനുസരിച്ച് കൂടുതൽ പ്രവർത്തനങ്ങളും, പ്രോഗ്രാമുകളും ഉൾപ്പെടുത്തിവരുന്നു. ജില്ലാ പോലീസ് മേധാവിയുടെ നേതൃത്വത്തിൽ പോലീസ് ഉദ്യോഗസ്ഥർ ബീറ്റ് സന്ദർശനം, ഗൃഹ സന്ദർശനം എന്നിവ നടത്തി പരിഷ്ക്കരിച്ച പ്രൊഫോർമയിൽ റിപ്പോർട്ട് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 'ആദിവാസി സുരക്ഷയും ജനമൈത്രീ പോലീസിന്റെ പങ്കും,' 'വനിതാ ശിശു സുരക്ഷയിൽ ജനമൈത്രീ പോലീസിന്റെ പങ്ക്' എന്നീ വിഷയങ്ങളിൽ തൃശ്ശൂരും, തിരുവനന്തപുരത്തും രണ്ടു ദിവസത്തെ പരിശീലന പരിപാടികൾ സംഘടിപ്പിച്ചിരുന്നു. ഈ വർക്ക് ഷോപ്പുകളിൽ **Communication skills, Positive Attitude Towards Tribes and Spirit of**

**Enactment** എന്നീ വിഷയങ്ങളെ അധികരിച്ച് ക്ലാസ്സുകൾ നടന്നു. **Senior Citizens, Management Labour, Communal harmony** എന്നീ വിഷയങ്ങളിൽ സെമിനാറുകൾ സംഘടിപ്പിക്കാൻ റേഞ്ച് ഐ.ജിമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനായി പ്ലാൻ ഫണ്ടിൽ തുക അനുവദിച്ചിട്ടുണ്ട്. കൂടാതെ ബീറ്റ് ഓഫീസർമാർക്കുള്ള മൂന്നു ദിവസത്തെ പരിശീലന പരിപാടി പോലീസ് ട്രെയിനിംഗ് കോളേജിൽവെച്ച് നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ